## 15 -ാം കേരള നിയമസഭ

## 14 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1747** **29-09-2025 - ൽ മറുപടിയ്ക്ക്**

### കുട്ടനാട്ടിലെ പാടശേഖരങ്ങളുടെ ബണ്ടുകൾ ട്രാക്ടർ റോഡുകളാക്കുന്നതിനുള്ള നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിലെ പാടശേഖരങ്ങളുടെ ബണ്ടുകൾ ട്രാക്ടർ റോഡുകളാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടി എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | കുട്ടനാട്ടിലെ പാടശേഖരങ്ങളിൽ കാർഷികഉപകരണങ്ങളും യന്ത്രങ്ങളും എത്തിക്കുന്നതിന് ആവശ്യമുള്ള സ്ഥലങ്ങളിൽ ട്രാക്ടർ പാസ്സേജ് നിർമ്മിക്കുന്നുണ്ട്. പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തുന്ന പ്രവൃത്തികൾ നബാർഡ് ആർ.ഐ.ഡി.എഫ്, രാഷ്ട്രീയ കൃഷി വികാസ് യോജന എന്നീ പദ്ധതികൾ മുഖേന നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | ട്രാക്ടർ റോഡുകൾ എല്ലാ ബണ്ടുകളിലും യാഥാർത്ഥ്യമാക്കുന്നതിന് ഒരു പ്രത്യേക പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | കുട്ടനാട്ടിലെ പാടശേഖരങ്ങളിൽ കാർഷികഉപകരണങ്ങളും യന്ത്രങ്ങളും എത്തിക്കുന്നതിന് ആവശ്യമുള്ള സ്ഥലങ്ങളിൽ ട്രാക്ടർ പാസ്സേജ് നിർമ്മിക്കുന്നുണ്ട്. പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തുന്ന പ്രവൃത്തികൾ നബാർഡ് ആർ.ഐ.ഡി.എഫ്, രാഷ്ട്രീയ കൃഷി വികാസ് യോജന എന്നീ പദ്ധതികൾ മുഖേന നടപ്പിലാക്കി വരുന്നുണ്ട്. |
| (സി) | സാധാരണ ബണ്ടുകളെ ട്രാക്ടർ റോഡുകളായി പരിവർത്തനം ചെയ്യുന്നതിന് ബണ്ടുകളോട് ചേർന്ന ഭാഗങ്ങളിലെ ചെളിയും എക്കലും ഉപയോഗിക്കുന്നത് മൂലം പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാകാതെ ഈ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | ഉണ്ട്. സാധാരണ ബണ്ടുകളെ ട്രാക്ടർ റോഡുകളായി പരിവർത്തനം ചെയ്യുന്നതിന് ബണ്ടുകളോട് ചേർന്ന ഭാഗങ്ങളിലെ ചെളിയും എക്കലും ഉപയോഗിക്കുന്നത് മൂലം പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാകാതെ ഈ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാറുണ്ട്. |

സെക്ഷൻ ഓഫീസർ